**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ ശമ്പള സ്കെയിന്റെയും പുതുക്കിയ ശമ്പള സ്കെയിലിന്റെയും വിശദാംശം വ്യക്തമാക്കുമോ; | (എ) | PSC ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം പരിഷ്കരിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ശമ്പളം വർദ്ധിപ്പിക്കുന്ന ഇനത്തിൽ എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ശമ്പള വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഇനത്തിൽ ആകെ എത്ര രൂപ നൽകേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (ബി) | PSC ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം പരിഷ്കരിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടേയും ശമ്പളം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(കൈ) നം.25/2025/GAD | തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:- 1. സ.ഉ. (കൈ) നം. 413/2010/പൊഭവ തീയതി. 27.12.2010.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ സമർപ്പിച്ച 18.01.2023 - ലെ CO2/8/2019-KPSC നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.76,450/-) അംഗങ്ങളുടെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.70,290/-), 01.01.2006 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) ജുഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള ശമ്പള തുല്യത നിലനിർത്തികൊണ്ട് ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ശിപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ആനുകൂല്യങ്ങളും 01.01.2025 പ്രാബല്യത്തിൽ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | | |
|---|---|---|---|
| (a) | Fixed Pay: | | |
| | ചെയർമാൻ | - | Rs. 2,24,100/- (ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യം) |
| | അംഗങ്ങൾ | - | Rs. 2,19,090/- (ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യം) |
| (b) | HRA, Conveyance Allowance | - | നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരക്ക് |
| (c) | **ക്ഷാമബത്ത** | - | കേന്ദ്ര നിരക്കിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ കാര്യാലയം, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2719 തീയതി; 19.02.2025)
ധനകാര്യ വകുപ്പ് (EXp. A2/64/2019-FIN തീയതി; 01.11.2024)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ